No. C1/G3/1277/TC/06

മോട്ടോർ വാഹന വകുപ്പ്, കേരളം
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
തിരുവനന്തപുരം, തീയതി: 23.12.2008

## സർക്കുലർ നമ്പർ 27/08

വിഷയം: മോട്ടോർ വാഹന വകുപ്പ് - സ്പീഡ് പോസ്റ്റ് സംവിധാനം വഴി രേഖകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച്

സൂചന: സർക്കുലർ നമ്പർ 8/2006 തീയതി: 15.11.2006

മോട്ടോർ വാഹന വകുപ്പ് വഴി നൽകുന്ന സേവനങ്ങൾക്ക് ശേഷം ബന്ധപ്പെട്ട രേഖകൾ അപേക്ഷകന് ഇൻഡ്യൻ പോസ്റ്റൽ വകുപ്പുമായി ചേർന്ന് സ്പീഡ് പോസ്റ്റ് വഴി അപേക്ഷകന്റെ മേൽവിലാസത്തിൽ എത്തിച്ചുനൽകുന്നതിനായ സംവിധാനം നിലവിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനം വിജയകരമായി നടപ്പിലാക്കുന്നതിനായി, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സ്വകാര്യവാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, ഡ്രൈവിംഗ് ലൈസൻസുകൾ (പുതിയത്, പുതുക്കിയത്, ഡ്യൂപ്ലിക്കറ്റ് മേൽ വിലാസം മാറ്റിയത്, പുതിയ ക്ലാസ് ചേർത്തത്), പെർമിറ്റും അനുബന്ധ രേഖകളും മേൽ വിലാസം മാറ്റൽ, ഹൈപ്പൊത്തിക്കേഷൻ ചേർക്കൽ, വിടുതൽ ചെയ്യൽ, ഡ്യൂപ്ലിക്കേറ്റ് തുടങ്ങിയ എല്ലാ സേവനങ്ങൾക്കുശേഷവുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ആവശ്യമായ നടപടികൾകുശേഷം സ്പീഡ് പോസ്റ്റ് സംവിധാനം വഴി മാത്രമേ വിതരണം ചെയ്യാവൂ.

2. ലേണേഴ്സ് ലൈസൻസ്, താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, താത്കാലിക പെർമിറ്റ്, ലൈസൻസ്/രജിസ്ട്രേഷൻ പർട്ടിക്കുലേഴ്സ് തുടങ്ങി ഉടനടി നടപടി പൂർത്തിയാക്കി നൽകേണ്ട രേഖകൾ, ഡെസ്പാച്ച് വഴി അപേക്ഷകന് നേരിട്ട് നൽകാവുന്നതാണ്.

3. രേഖകൾ നേരിട്ട് നൽകുന്ന സംവിധാനം, (മേൽ കാണിച്ച രേഖകൾ ഒഴികെ) ഈ ഉത്തരവു പ്രകാരം റദ്ദു ചെയ്യിരിയ്ക്കുന്നു.

4. ആയതിലേയ്ക്ക് എല്ലാ അപേക്ഷകളുടെയും കൂടെ സ്പീഡ് പോസ്റ്റിനാവശ്യമായ തുകയ്ക്കുള്ള സ്റ്റാമ്പ് പതിപ്പ് മേൽവിലാസം എഴുതിയ കവർ കൂടി വാങ്ങേണ്ടതാണ്. (50gm വരെയുള്ളതും അതാതു പോസ്റ്റൽ സർക്കിളിനുള്ളതുമായവയ്ക്ക് രൂപ 12 ഉം പോസ്റ്റൽ സർക്കിളിന് പുറത്തുള്ളവയ്ക്ക് രൂപ 25ന്റെ സ്റ്റാമ്പും)

5. അപേക്ഷകർ ബന്ധപ്പെട്ട രേഖകളിൽ രേഖപ്പെടുത്തിയ അതേ മേൽവിലാസവും, പിൻ കോഡും ബന്ധപ്പെടേണ്ട ടെലഫോൺ നമ്പർ/ മൊബൈൽ നമ്പർ കവറിനു മുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിയ്ക്കണം. യാതൊരു കാരണവശാലും ആർ.സി.ബുക്ക്, ലൈസൻസ്, പെർമിറ്റ് എന്നിവയിൽ രേഖപ്പെടുത്താത്ത മേൽ വിലാസം എഴുതിയ കവർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

6. അപേക്ഷ വാങ്ങുമ്പോഴും രേഖകൾ ഡെസ്പാച്ചു ചെയ്യുമ്പോഴും പിൻകോഡ് സഹിതമുള്ള മേൽവിലാസം കൃത്യമായി എഴുതിയിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട ക്ലാർക്കുമാരും എ.എം.വി.ഐ/എം.വി.ഐ മാരും പരിശോധിച്ചു ഉറപ്പുവരുത്തണം.

7. കവറിന് പുറത്ത് "For delivery to the addressee only"എന്ന് മുദ്ര പതിപ്പിച്ചിരിക്കണം. (റബ്ബർ സ്റ്റാമ്പ്.)

8. ഡ്രൈവിംഗ് സ്കൂളുകൾ ഇടനിലക്കാർ തുടങ്ങിയവരുടെ മേൽവിലാസത്തിൽ രേഖകൾ അയ്ക്കുവാൻപാടുള്ളതല്ല. (Form 14) ഫോറം 14 അടിസ്ഥാനത്തിൽ വരുന്ന അപേക്ഷകർക്ക് അപേക്ഷകരുടെ സ്ഥിര മേൽവിലാസത്തിൽ മാത്രമേ രേഖകൾ അയച്ചുകൊടുക്കാവൂ

9. തപാൽ ഉരുപ്പടികൾ സ്പീഡ് പോസ്റ്റധികൃതർക്ക് കൈമാറ്റം ചെയ്യുന്നതിനായി ഒരു രജിസ്റ്ററിൽ താഴെപ്പറയുന്ന രീതിയിൽ രേഖകളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ആയതിന്റെ രണ്ടു കോപ്പികൾ സഹിതം രേഖകൾ കൊടുത്തുവിടേണ്ടതാണ്.ആയതിന് കാലതാമസംവരാതിരിക്കുവാൻ മുൻ കൂറായി തപാൽ ഉരുപ്പടികൾ തയ്യാറാക്കി വയ്ക്കേണ്ടതാണ്.

**മോട്ടോർ വാഹന വകുപ്പ് - കേരള**

റീജിയണൽ /സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്..................

തീയതി

| ക്രമനമ്പർ | രജിസ്ട്രേഷൻ ലൈസൻസ് നമ്പർ | മേൽവിലാസക്കാരൻെറ പേര് | വിശദവിവരണം നടത്തേണ്ടസ്ഥലവും പിൻകോഡും | സ്പീഡ് പോസ്റ്റ് രജിസ്റ്റർ നമ്പർ | സ്വീകർത്താവിൻറ ഒപ്പ് |
|---|---|---|---|---|---|
| | | | | | |

10. രേഖകൾ സ്വീകരിച്ച് അടുത്ത ദിവസം സ്പീഡ് പോസ്റ്റ് രജിസ്റ്റർ നമ്പർ ചേർത്ത് സ്പീഡ് പോസ്റ്റ് അധികൃതർ നൽകുന്ന കോപ്പി രജിസ്റ്ററിൽ അതാതു പേജിൽ നഷ്ടപ്പെടാത്ത വിധത്തിൽ സുരക്ഷിതമായി ഒട്ടിച്ചുവയ്ക്കേണ്ടതാണ്.

11. അപേക്ഷകൻ കൈപ്പറ്റാതെ തിരികെ വരുന്ന രേഖകൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് തീയതിയും നമ്പരും രേഖപ്പെടുത്തി ഇൻവേർഡ് ക്ലാർക്ക് സൂക്ഷിയ്ക്കേണ്ടതും ആയതിൻെറ ചുരുക്കം ആഴ്ചതോറും P.R.Oയ്ക്കും ഓഫീസ് മേലധികാരിയ്ക്കും നൽകേണ്ടതുമാണ്.

12. ഇങ്ങനെ തിരികെ വരുന്ന രേഖകളുടെ മേൽ വിലാസത്തിൻെറ നിജസ്ഥിതി ഫീൽഡുദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിയ്ക്കേണ്ടതും മേൽ വിലാസത്തിൽ കള്ളത്തരമുണ്ടെങ്കിൽ വാഹനം പിടിച്ചെടുക്കേണ്ടതും സമീപത്തുള്ള പോലീസ് അധികാരികൾ വഴി നടപടിയെടുക്കേണ്ടതുമാണ്.

13. ഏതെങ്കിലും വ്യക്തമായ കാരണങ്ങളാൽ രേഖകൾ കൈപ്പറ്റുവാൻ കഴിയാത്തവർക്ക് തൻെറ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരായി അപേക്ഷിച്ചാൽ ടിയാന് തൻെറതെന്ന് വ്യക്തമായ തെളിവ് നൽകാൻ സാധിക്കുന്ന വിലാസത്തിലേക്ക് രേഖകൾ വീണ്ടും Speed Post മുഖേന അയക്കേണ്ടതാണ്.

ഈ ഉത്തരവ് ഏർപ്പെടുത്തിയിരിയ്ക്കുന്നത് വാഹന രജിസ്ട്രേഷനും, ലൈസൻസിനും നൽകിയിട്ടുള്ള മേൽവിലാസത്തിൻെറ നിജസ്ഥിതി ബോധ്യപ്പെടേണ്ടതിനും, മേൽവിലാസത്തിലുള്ള മാറ്റം യഥാവിധി രേഖകളിൽ രേഖപ്പെടുത്തുവാനുള്ള ഉടമകളുടെ വിമുഖത പല വിധ സാങ്കേതിക പ്രശ്നങ്ങളും സൃഷ്ടിയ്ക്കുന്നത് ഒഴിവാക്കുന്നതിനും ഈ വിമുഖത ദുരുപയോഗപ്പെടുത്തി വാഹനങ്ങൾ പലവിധ വിധ്വംസക നിയമവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നത് ഒഴിവാക്കുന്നതിനുമാണ്.

ഈ ഉത്തരവിൻെറ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് എല്ലാ ഓഫീസർമാരും 01.01.2009 മുതൽ ഈ നടപടിക്രമങ്ങൾ കൃത്യമായി നടപ്പാക്കേണ്ടതാണ്. ആയതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ ഗുരുതരമായ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും, ഓഫീസ് മേലധികാരികളും ഈ ഉത്തരവ് യഥാവിധി നടപ്പാക്കുന്നുണ്ടോയെന്ന് കൃത്യമായി പരിശോധിയ്ക്കേണ്ടതുമാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.
എല്ലാ റീജിയണൽ ട്രൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ജോയിൻറ് റീജിയണൽ ട്രൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ്:

ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ.യ്ക്, സീനിയർ ഡി.റ്റി.സി † സെക്രട്ടറി എസ്.റ്റി.എ, സീനിയർ എ.ഒ., സീനിയർ എഫ്.ഒ, എ.റ്റി.സി, റ്റി.സി. സ്ക്വാഡ്, ഈ ഓഫീസിലെ എല്ലാ സെക്ഷൻ ഹെഡുകൾക്കും, സെക്ഷനുകൾക്കും